

റസൂൽ മദ്ഹ്

# ഇനിയും

ജമീൽ അഹ്മദ്

**മുഹമ്മദ് നബിയോരെൻ കിനാവിൽ വന്നുദിക്കുവാൻ**
ഇനിയുമെത്ര സുജൂദിലിരന്നീടണം
അവിടത്തെ നിലാവൊളിച്ചിരികാണാൻ നരജന്മ
ത്വവാഇഫുകളിവൻ എത്ര നടന്നീടണം

പനിനീരു മണക്കുമാ തളിർമേനി തൊടാനെത്ര
ഇരവുകളിവൻ തേങ്ങിക്കരഞ്ഞു റബ്ബേ
ബദർ കുന്നും വിറക്കുമാ മൊഴി കേൾക്കാൻ പകലെത്ര
കദനത്താലിവൻ തേടിയലഞ്ഞു ഹുബ്ബേ

കനിവൂറ്റിയെടുത്തോരാ മിഴിവട്ടത്തലഞ്ഞാലെൻ
കരളിലെ കൊടും കയ്പ്പ് മധുരമാകും
വെളിച്ചത്താൽ പടച്ചോരാ വിരലിനാൽ തൊടുമ്പോഴെൻ
ചെളികാണും മിഴി രണ്ടും തെളിഞ്ഞുപോകും

പടച്ചോനേ റസൂലിന്റെ തളിർപാദം പതിഞ്ഞുള്ള
പൊടിമണ്ണിലിവന്റെ മെയ്യൊടുങ്ങീടണേ
തിരുശ്വാസത്തിനാൽ പുണ്യമണിഞ്ഞൊരാ കാറ്റിലല്പം
മരിക്കും മുമ്പിവന്നുള്ളിലലിഞ്ഞീടണേ.

# സ്വത്വം

**ഒരു വാക്കുമതി**
കൽപാന്തകാലം
കാത്തിരിക്കാൻ

ഹൃദയത്തിലിത്തിരി
ഇടംമതി
ഒരു ജീവിതം
തളിർക്കാൻ
ഇതിലേവേറിട്ടു
നടന്നുപോയവർതൻ
കാലടിപ്പാടുമതി
ഒരു ജന്മം
നടന്നുതീർക്കാൻ

കണ്ണുതുറന്നൊരു
നോട്ടംമതി
സൃഷ്ടിരഹസ്യം
വെളിപ്പെടാൻ

ഏകനോടൊരു
പ്രാർഥനമതി
ഒരു സുകൃതം
കൂടെപ്പോരാൻ.

നൗഷാദ് കെ. പൂളമണ്ണ



# ഇന്നത്തെ നായകർ

**സത്യചന്ദ്രൻ പൊയിൽക്കാവ്**



**വിഷമുള്ള പൂക്കൾ കാണരുത്**
നിറങ്ങളാൽ അവ നിങ്ങളെ
അന്ധരാക്കും.
തലമുറകളോളം നീണ്ടുനിൽക്കും
അവയുടെ ചൊറി-
അവ തൊട്ട നേതാക്കന്മാർ
അവയുടെ അടിമകളായി
അവ കീഴടക്കിയ രാജ്യങ്ങൾ
അവരുടെ താവളങ്ങളായി
അവയുടെ അപദാനങ്ങൾ പാടി പലരും
കണ്ണടച്ച് പട്ടും വളയും വാങ്ങി,
വരുംതലമുറ അവരെ ബഹുമാനിക്കില്ല.
അവരുടെ ചരിത്രത്തിൽ
ചതിയന്മാരായിരിക്കും
ഇന്നത്തെ നായകന്മാർ.

# ശമനതീരം



**ചിരിക്കും**
കനലുകളിലുണ്ടാവി
പാറുന്ന
വേവിൻ ചൂര്.
കരയും വേർപ്പു-
കണങ്ങളിലുണ്ട്
തളിരണിയുന്ന
തണലിൻ കുളിര്.
സാന്ത്വനത്തിന്റെ
ഗ്രന്ഥപ്പേജിലൂടെൻ
വേദനകളുടെ തോണി
തുഴയുന്നു ഞാനും
'സംസ'മിന്റെ
ശമന തീരത്തേക്ക്.

**മുഹമ്മദ്കുട്ടി ഇരിമ്പിളിയം**